പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ-1458 12.07.2011- ൽ മറുപടിക്ക്

**ലീഗൽ അസിസ്റ്റന്റ് നിയമനം സംബന്ധിച്ച്**

ചോദ്യം | ഉത്തരം

ശ്രീ. ഹൈബി ഈഡൻ | (ബഹു. ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | ജോലിയിലിരിക്കവേ വകുപ്പുതലത്തിലോ, ഗവൺമെന്റ് തലത്തിലോ അനുവാദം വാങ്ങാതെ എൽ.എൽ.ബി. ഡിഗ്രിയെടുത്ത ആരെങ്കിലും ലീഗൽ അസിസ്റ്റന്റുമാരായി ജോലി ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ അവർക്കെതിരെ എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കാമോ; | നിയമവകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടപ്പോൾ തന്നെ ആ ഉദ്യോഗസ്ഥനെ സസ്പെന്റ് ചെയ്തു. പിന്നീട് സർവ്വീസിൽ തിരിച്ചെടുത്തു. ഇപ്പോൾ വകുപ്പുതല അന്വേഷണം നടത്തി വരുന്നു. |
| (സി) | ഡിപ്പാർട്ട്മെന്റ് ക്വാട്ടയിൽ നിയമനത്തിനപേക്ഷിക്കുന്ന എൽ.എൽ.ബി. പാസ്സായിട്ടുള്ള സർക്കാർ ജീവനക്കാർക്കു വേണ്ടി പരീക്ഷ നടത്താൻ പി.എസ്.സിയെ ചുമതലപ്പെടുത്താതിരുന്നതിനുള്ള കാരണം വിശദമാക്കുമോ; | 13-12-2007 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(പി) 531/2007/ ജിഎഡി ആയും 02-01-2008-ലെ കേരള അസാധാരണ ഗസറ്റിൽ എസ്ആർഒ നമ്പർ 11/2008 ആയും പ്രസിദ്ധീകരിച്ച ഉത്തരവ് പ്രകാരം പി.എസ്.സി-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | മറ്റു വകുപ്പുകളിൽ നിന്നുള്ള ലീഗൽ അസിസ്റ്റന്റ് നിയമനവുമായി ബന്ധപ്പെട്ട 16122/98/ Admn/ Law നമ്പർ ഫയലിലെ നോട്ട് ഫയലിന്റെയും കറന്റ് ഫയലിന്റെയും പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ? | പ്രസ്തുത ഫയൽ നിയമവകുപ്പിലോ നിയമവകുപ്പിലെ റിക്കാർഡ് സെക്ഷനിലോ ലഭ്യമല്ല. ഫയൽ കണ്ടെത്താനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. കണ്ടെത്തുന്ന മുറയ്ക്ക് മേശപ്പുറത്ത് വയ്ക്കുന്നതിന് നടപടി സ്വീകരിക്കാം. |

ഉത്തരവിൻ പ്രകാരം

സെക്ഷൻ ആഫീസർ